പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4910 26.06.2019-ലെ മറുപടിക്ക്

## കെ.ടി.ഡി.എഫ്.സി.യിൽ നിന്ന് കെ.എസ്.ആർ.ടി.സി. എടുത്ത വായ്പ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സി.യിൽ നിന്ന് കെ.എസ്.ആർ.ടി.സി. വായ്പ എടുത്തിരുന്നോയെന്നും എങ്കിൽ എപ്പോൾ എത്ര രൂപയാണെടുത്തതെന്നും വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും | കെ.ടി.ഡി.എഫ്.സി.യുടെ കണക്ക് പ്രകാരം സ്ഥാപനം ആരംഭിച്ച വർഷം മുതൽ 2019 മേയ് 31 വരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. ആകെ 7361.41 കോടി രൂപയുടെ വിവിധ വായ്പകൾ എടുത്തിട്ടുണ്ട്. 2001-02 സാമ്പത്തിക വർഷത്തിനു മുൻപ് കെ.എസ്.ആർ.ടി.സി.യ്ക്ക് വിതരണം ചെയ്തിരുന്ന വായ്പകൾ 2001-02 സാമ്പത്തിക വർഷം പുനക്രമീകരിച്ചിരുന്നു. കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. എടുത്തിരുന്ന വായ്പകളുടെ വിവരം ചുവടെ കാണാവുന്നതാണ്. |
| (ബി) | ദീർഘകാല വായ്പയായും ഹ്രസ്വകാല വായ്പയായും എത്ര തുകയാണെടുത്തതെന്നും ഈ രണ്ട് വായ്പകളും തിരിച്ചടയ്ക്കാനുള്ള കാലാവധി എത്രയായിരുന്നുവെന്നും അറിയിക്കുമോ; | | |
| (സി) | ഈ രണ്ട് വായ്പകളിലും പലിശയടക്കം എത്ര രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടെന്നും ഇല്ലെങ്കിൽ തിരിച്ചടച്ച തവണകൾ സംബന്ധിച്ച വിശദാംശവും നൽകാമോ; | | |
| (ഡി) | കൺസോർഷ്യം വായ്പയായി കെ.ടി.ഡി.എഫ്.സി. യിൽ നിന്ന് വായ്പ എടുത്തിരുന്നോ എന്നും എങ്കിൽ എത്ര രൂപയാണെടുത്തതെന്നും തിരിച്ചടവ് കാലാവധി കഴിഞ്ഞോയെന്നും തിരിച്ചടയ്ക്കാൻ തുക ബാക്കിയുണ്ടോ | | |

| സാമ്പത്തിക വർഷം | വിതരണം ചെയ്ത ദീർഘ കാല വായ്പാ തുക (കോടി രൂപയിൽ) | വിതരണം ചെയ്ത ഹ്രസ്വ കാല വായ്പാ തുക (കോടി രൂപയിൽ) |
|---|---|---|
| 2001-02 | 102.07 | |
| 2002-03 | 29.9 | |
| 2003-04 | 119.96 | |
| 2004-05 | 123.04 | |
| 2005-06 | 131 | |
| 2006-07 | 130 | |
| 2007-08 | 153 | |
| 2008-09 | 130 | |
| 2009-10 | 309 | |

യെന്നും വ്യക്തമാക്കാമോ?

| | | |
|---|---|---|
| 2010-11 | 366.57 | |
| 2011-12 | 291 | |
| 2012-13 | 380 | |
| 2013-14 | 360 | 133 |
| 2014-15 | 72 | 516 |
| 2015-16 | 360 | 347.5 |
| 2016-17 | 715 | |
| 2017-18 | 260 | 2332.37 |
| ആകെ | 4032.54 | 3328.87 |

ദീർഘകാല വായ്പാ കാലാവധി 5 വർഷവും ഹ്രസ്വകാല വായ്പാ കാലാവധി 1 മുതൽ 45 ദിവസവുമാണ്.

കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും കെ.എസ്. ആർ.ടി.സി. എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പയാക്കി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, കെ.ടി.ഡി.എഫ്.സി ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും പ്രതിമാസം 9.20% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 31.03.2018-ൽ, 3100 കോടി രൂപ വായ്പ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നു. അതിന്റെ ഭാഗമായി, 28.03.2018 തീയതിയിൽ കെ.എസ്.ആർ.ടി.സി. കെ.ടി.ഡി.എഫ്.സി. യ്ക്ക് തിരിച്ചടയ്ക്കാനുണ്ടായിരുന്ന വായ്പകളിൽ നിന്നും 1100 കോടി രൂപ കൺസോർഷ്യം വായ്പയായി പുനഃക്രമീകരിച്ചിരുന്നു. ഇപ്പോൾ ഈ കൺസോർഷ്യം വായ്പ മറ്റു ബാങ്കുകളുടെ പങ്കാളിത്തം മൂലം 145 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. കൺസോർഷ്യം വായ്പാ തിരിച്ചടവ് പൂർത്തിയാകാൻ ഇനി 19 വർഷം കൂടി ഉണ്ട്. കൺസോർഷ്യം വായ്പാ തിരിച്ചടവ് ഇനത്തിൽ പ്രതിദിനം 4,32,000/- രൂപ കെ.എസ്.ആർ.ടി.സി. യിൽ നിന്നും കെ.ടി.ഡി.എഫ്.സി.യ്ക്ക് ലഭിക്കുന്നുണ്ട്.

കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പയ്ക്ക് പുറമേയുള്ള വായ്പകളുടെ നിലവിലെ കുടിശ്ശിക സംബന്ധിച്ച്, 31.05.2019 തീയതി പ്രകാരം, കെ.ടി.ഡി.എഫ്.സി.യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്.

| വായ്പാ ഇനം | മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ) | പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ) |
|---|---|---|
| ഹ്രസ്വകാല വായ്പ | 332.37 | 26.56 |
| ദീർഘകാല വായ്പ | 121 | 16.17 |

ടി 332.37 കോടി രൂപ, 121 കോടി രൂപ എന്നീ വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.ടി.ഡി.എഫ്.സി.യ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.യിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം, സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.യ്ക്ക് നൽകിയിരുന്നു.

**സെക്ഷൻ ഓഫീസർ**